REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 04-06-2025 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- കേന്ദ്രമന്ത്രിസഭയുടെ സമ്പൂർണ യോഗം ഇന്ന് ന്യൂഡൽഹിയിൽ.
- റിസർവ് ബാങ്കിന്റെ വായ്പാനയ രൂപീകരണ സമിതി യോഗം മുംബൈയിൽ ആരംഭിച്ചു.
- മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി ഉച്ചകഴിഞ്ഞ് ഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയേക്കും.
- നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ മൂന്ന് മുന്നണികളുടെയും പ്രചാരണം പുരോഗമിക്കുന്നു.
- ഈ വർഷത്തെ ഹജ്ജ് കർമ്മങ്ങൾക്ക് തുടക്കമായി.
- നാളെ ലോക പരിസ്ഥിതി ദിനം. പരിസ്ഥിതി മിത്രം പുരസ്കാരങ്ങൾ മുഖ്യമന്ത്രി വിതരണം ചെയ്യും.

## വാർത്തകൾ വിശദമായി

കേന്ദ്രമന്ത്രിസഭയുടെ സമ്പൂർണ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിലാണ് പഹൽഗാം ഭീകരാക്രമണത്തിനും, ഓപ്പറേഷൻ സിന്ദൂർ നടപടിയ്ക്കും ശേഷം ആദ്യമായി യോഗം ചേരുന്നത്.

✪✪✪

ഭീകരതയ്ക്കെതിരായ ഇന്ത്യൻ നിലപാട് വിശദീകരിക്കുന്ന ഏഴ് സർവകക്ഷി സംഘങ്ങളുടെ വിദേശ സന്ദർശനം അവസാന പാദത്തിലേക്ക് പ്രവേശിച്ചു. നാല് പ്രതിനിധി സംഘങ്ങൾ സന്ദർശനം പൂർത്തിയാക്കി ഇന്ത്യയിലേക്ക് മടങ്ങി.

ശിവസേനാ നേതാവ് ശ്രീകാന്ത് ഷിൻഡെ നേതൃത്വം നൽകിയ സംഘം UAE, ലൈബീരിയ, കോംഗോ, സിയറ ലിയോൺ എന്നീ രാജ്യങ്ങൾ സന്ദർശിച്ച ശേഷം രാവിലെ ഡൽഹിയിലെത്തി.

NCP - (SP ) നേതാവ് സുപ്രിയ സുലെയുടെ സംഘം ഉച്ചകഴിഞ്ഞ് ഡൽഹിയിലെത്തും. ഖത്തർ, ദക്ഷിണാഫ്രിക്ക, എതോപ്യ, ഈജിപ്റ്റ് എന്നിവിടങ്ങളിലായിരുന്നു അവരുടെ സന്ദർശനം.

BJP നേതാവ് രവിശങ്കർ പ്രസാദ് നയിക്കുന്ന സർവ്വകക്ഷി സംഘം ബെൽജിയത്തിലെ ബ്രസ്സൽസിൽ യൂറോപ്യൻ യൂണിയൻ ആസ്ഥാനം സന്ദർശിക്കുന്നു. അതിർത്തി കടന്നുണ്ടാകുന്ന ഭീകര പ്രവർത്തനത്തെയും പഹൽഗാം ഭീകരാക്രമണത്തെയും കേന്ദ്രീകരിച്ചാണ് സംഘത്തിന്റെ കൂടിക്കാഴ്ചകളും ചർച്ചകളും.

ഡോ. ശശിതരൂർ നയിക്കുന്ന സർവ്വകക്ഷിസംഘം വാഷിംഗ്ടൺ DC യിലെത്തി. US കോൺഗ്രസിലെയും ഭരണകൂടത്തിലെയും പ്രമുഖരുമായും മാധ്യമങ്ങളുമായും സംഘം കൂടിക്കാഴ്ച നടത്തും.

✪✪✪

ഓപ്പറേഷൻ സിന്ദൂറിനെ താഴ്ത്തിക്കെട്ടുന്ന തരത്തിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പ്രവർത്തിക്കുകയാണെന്ന് BJP വിമർശിച്ചു. സിന്ദൂർ ദൗത്യത്തെയും സൈന്യത്തെയും രാജ്യത്തെയും ഭോപ്പാലിലെ ഇന്നലത്തെ പരാമർശത്തിലൂടെ രാഹുൽഗാന്ധി പരിഹസിച്ചതായി BJP നേതാവ് സമ്പിത്പത്ര ആരോപിച്ചു. ഇത്തരം പരാമർശങ്ങൾ പ്രതിപക്ഷ നേതാവിനോ, മറ്റേതെങ്കിലും രാഷ്ട്രീയ നേതാവിനോ യോജിച്ചതല്ലെന്ന് സമ്പിദ്പത്ര ഡൽഹിയിൽ പറഞ്ഞു.

✪✪✪

റിസർവ് ബാങ്കിന്റെ വായ്പാനയ രൂപീകരണ സമിതി യോഗം മുംബൈയിൽ ആരംഭിച്ചു. RBI ഗവർണർ സഞ്ജയ് മൽഹോത്രയുടെ അധ്യക്ഷതയിൽ ചേരുന്ന സമിതി റിപ്പോ നിരക്ക് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനം വെള്ളിയാഴ്ച പ്രഖ്യാപിക്കും. കഴിഞ്ഞ രണ്ട് അവലോകന കാലത്തും റിപ്പോ നിരക്ക് കുറച്ചിരുന്നു. നിലവിൽ ആറു ശതമാനമാണ് റിപ്പോനിരക്ക്.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിയുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയേക്കും. കേരളത്തിലെ ദേശീയപാത-66 ൽ ഉണ്ടായ നിർമ്മാണ പിഴവുകൾ ചർച്ച ചെയ്യുമെന്നാണ് റിപ്പോർട്ട്.

✪✪✪

മലപ്പുറം ജില്ലയിലെ പ്ലസ് വൺ പ്രവേശനത്തിൽ കഴിഞ്ഞ വർഷം മിച്ചം വന്ന സീറ്റ് കൂടി ഉൾപ്പെടുത്തിയാണ് ആദ്യ അലോട്മെന്റ് നടത്തിയതെന്ന് മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് അറിയിച്ചു. സീറ്റ് കുറവാണെന്ന് ഇതുവരെ ആരും അറിയിച്ചിട്ടില്ലെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സ്കൂളുകളിലെ പ്രവൃത്തി സമയ പരിഷ്കരണത്തിൽ ഒരു ആശയക്കുഴപ്പത്തിന്റെയും ആവശ്യമില്ലെന്നും, പ്രായോഗിക ബുദ്ധിമുട്ടുകൾ സംബന്ധിച്ച് വീണ്ടും ചർച്ച നടത്തുമെന്നും മന്ത്രി അറിയിച്ചു. ഈ ആഴ്ച തന്നെ ഇക്കാര്യത്തിൽ വ്യക്തത വരുത്തും.

പോക്സോ കേസ് പ്രതിയെ സ്കൂൾ പ്രവേശനോത്സവ പരിപാടിയിൽ പങ്കെടുപ്പിച്ച സംഭവത്തിൽ നടപടി സ്വീകരിക്കാൻ സ്കൂൾ മാനേജറോട് ആവശ്യപ്പെടുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയം നാളെ അവസാനിക്കും. 18 പത്രികകളാണ് സൂക്ഷ്മ പരിശോധനയിൽ സ്വീകരിച്ചത്. മൂന്ന് മുന്നണികളുടെയും തിരഞ്ഞെടുപ്പ് പ്രചാരണം വിവിധ കേന്ദ്രങ്ങളിൽ പുരോഗമിക്കുകയാണ്.

UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് ഇന്ന് വിവിധ പഞ്ചായത്തുകളിൽ പര്യടനം നടത്തും. അമരമ്പലം, കൂറ്റമ്പാറ, ചുങ്കത്തറ, എരുമമുണ്ട എന്നിവിടങ്ങളിലാണ് പര്യടനം. LDF സ്ഥാനാർഥി M സ്വരാജ്, നാരോക്കാവ്, തണ്ണിക്കടവ്, വരക്കുളം തുടങ്ങി 16 ഇടത്ത് പര്യടനം നടത്തും. NDA സ്ഥാനാർഥി മോഹൻ ജോർജ് രാവിലെ മുതൽ മൂത്തേടം പഞ്ചായത്തിലെ വിവിധ മേഖലകളിലും കാറ്റാടി, കൾക്കുളം, കാരപ്പുറം ഭാഗങ്ങളിലും പര്യടനം തുടരുകയാണ്.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ഡ്യൂട്ടിയ്ക്കായി നിയോഗിച്ച പ്രിസൈഡിംഗ് ഓഫീസർമാരിൽ 104 പേർക്കും ഫസ്റ്റ് പോളിംഗ് ഓഫീസർമാരിൽ 280 പേർക്കും കാട്ടുമുണ്ട തോട്ടത്തിൽ ഓഡിറ്റോറിയത്തിൽ പരിശീലനം നൽകി. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിലായിരുന്നു പരിശീലനം.

✪✪✪

തിരൂരിലെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല വൈസ് ചാൻസിലറായി, കേരള സർവ്വകലാശാല മലയാള വിഭാഗം സീനിയർ പ്രൊഫസറും കേരള പഠന വകുപ്പ് അദ്ധ്യക്ഷനുമായ പ്രൊഫസർ C.R പ്രസാദിനെ നിയമിച്ചു. കേരള സർവ്വകലാശാലയുടെ മുൻ രജിസ്ട്രാർ, ഡീൻ, സെനറ്റംഗം എന്നീനിലകളിലും കേരള സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, മഹാത്മാ ഗാന്ധി, കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കേന്ദ്രസാഹിത്യ അക്കാദമി മലയാള ഉപദേശക സമിതി അംഗവുമായിരുന്നു. തായാട്ട് അവാർഡ്, S.B.T സാഹിത്യപുരസ്ക്കാരം എന്നിവ നേടിയിട്ടുണ്ട്. കോട്ടയം ജില്ലയിലെ പള്ളം സ്വദേശിയാണ് പ്രൊഫസർ C.R പ്രസാദ്.

12 സാഹിത്യവിമർശന പഠന ഗ്രന്ഥങ്ങളും നൂറിലധികം ലേഖനങ്ങളും നിരവധി ഗവേഷണ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

✪✪✪

ഈ വർഷത്തെ ഹജ്ജ് കർമ്മങ്ങൾക്ക് തുടക്കമായി. ഹാജിമാർ മിനാ താഴ്വരയിലെ തമ്പുകളിൽ ഇന്നലെ മുതൽ എത്തിത്തുടങ്ങി. നാളെയാണ് ഹജ്ജിന്റെ പ്രധാന ചടങ്ങായ അറഫാ സംഗമം. പുലർച്ചെ മുതൽ മിനായിൽ നിന്നും ഹാജിമാർ യാത്ര തിരിക്കും. പകൽ മുഴുവൻ അറഫാ മൈതാനിയിൽ സംഗമിക്കുന്ന ഹാജിമാർ, സന്ധ്യയോടെ മുസ്തലീഫയിലേക്ക് പോകും. രാത്രി അവിടെ തങ്ങുന്ന ഹാജിമാർ, ബലിപെരുന്നാൾ ദിനമായ മറ്റന്നാൾ പിശാചിന്റെ പ്രതീകത്തിന് നേരെ കല്ലെറിയുന്നതിനായി ജംറയിലേക്ക് പുറപ്പെടും.

കേരളത്തിൽ നിന്ന് 16,000 ത്തോളം ഹാജിമാരാണ് ഹജ്ജ് കർമ്മത്തിൽ പങ്കെടുക്കുന്നത്. കേരളത്തിൽ ശനിയാഴ്ചയാണ് ബലിപെരുന്നാൾ ആഘോഷം.

✪✪✪

നാളെ ലോക പരിസ്ഥിതി ദിനം. ലോകം നേരിടുന്ന പ്രധാന വിപത്തുകളിലൊന്നായ പ്ലാസ്റ്റിക് മാലിന്യം നിയന്ത്രിക്കുന്നതിലൂന്നിയാണ് ഈ വർഷം പരിസ്ഥിതി ദിനം ആചരിക്കുന്നത്. 'ബീറ്റ് പ്ലാസ്റ്റിക് പൊല്യൂഷൻ' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

പരിസ്ഥിതി ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ തിരുവനന്തപുരത്ത് രാജ്ഭവനിൽ ഫലവൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്യും. മന്ത്രി P പ്രസാദും ചടങ്ങിൽ പങ്കെടുക്കും.

ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച്, 'ഒരു തൈ നടാം' ജനകീയ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. ക്ലിഫ് ഹൗസ് അങ്കണത്തിൽ അദ്ദേഹം വൃക്ഷത്തൈ നടും. സംസ്ഥാനമൊട്ടാകെ ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 30 വരെ ക്യാമ്പയിൻ നടത്തുന്നത്.

✪✪✪

സംസ്ഥാന പരിസ്ഥിതി മിത്രം പുരസ്കാരങ്ങൾ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് വിതരണം ചെയ്യും. സംസ്ഥാനതല പരിസ്ഥിതി ദിനാഘോഷ ചടങ്ങിൽ പ്ലാസ്റ്റിക് ലഘൂകൃത ജീവിതശൈലി ക്യാമ്പയിനും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റാണ് പുരസ്കാരം ഏർപ്പെടുത്തിയത്.

IB സതീഷ് MLA യ്ക്കാണ് പരിസ്ഥിതി സംരക്ഷക പുരസ്കാരം. കേരള സർവകലാശാലയിലെ പരിസ്ഥിതി ശാസ്ത്ര പ്രൊഫ. ഡോ. ശാലോം ജ്ഞാനതങ്കവി, ഗവേഷക പുരസ്കാരത്തിനും, ദ ഹിന്ദു കൊച്ചി ബ്യൂറോ ചീഫ് K സുധി പരിസ്ഥിതി മാധ്യമ പ്രവർത്തന പുരസ്കാരത്തിനും അർഹരായി. കൊല്ലം അമൃതപുരി അമൃത വിശ്വ വിദ്യാപീഠത്തിനാണ് പരിസ്ഥിതി സംരക്ഷണ സ്ഥാപന പുരസ്കാരം. പരിസ്ഥിതി സംരക്ഷണ തദ്ദേശ സ്ഥാപന പുരസ്കാരത്തിന് ഗുരുവായൂർ മുൻസിപ്പാലിറ്റിയെ തിരഞ്ഞെടുത്തു. കോഴിക്കോട്ടെ വിദ്യാർത്ഥിനി KP ദേവികയ്ക്ക് പ്രത്യേക ജൂറി പരാമർശവും ലഭിച്ചു.

✪✪✪

നാളത്തെ ലോക പരിസ്ഥിതി ദിനം സമുചിതമായി ആഘോഷിക്കാൻ CPIM സംസ്ഥാന സെക്രട്ടേറിയറ്റ് ആഹ്വാനം ചെയ്തു. പാർട്ടി ഓഫീസ് വളപ്പുകളിലും, വീടുകളിലും വൃക്ഷത്തൈകൾ നടാനും, പൊതു ഇടങ്ങൾ ശുചീകരിക്കാനും പാർട്ടിപ്രവർത്തകർ മുന്നിട്ടിറങ്ങണമെന്ന് സെക്രട്ടേറിയറ്റ് നിർദ്ദേശിച്ചു. പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണത്തിൽ അവബോധം വളർത്താൻ പാർട്ടി ഘടകങ്ങൾ തയ്യാറാകണമെന്നും സെക്രട്ടേറിയറ്റ് ആവശ്യപ്പെട്ടു.

✪✪✪

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ശുചിത്വമിഷന്റെ നേതൃത്വത്തിൽ റീൽസ് മത്സരം സംഘടിപ്പിക്കുന്നു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഒരു മിനിറ്റോ അതിൽ താഴെയോ ദൈർഘ്യം വരുന്ന റീലുകളിൽ നിന്ന് തെരഞ്ഞെടുക്കുന്ന പത്തു റീലുകൾക്ക് 10,000 രൂപ വീതമാണ് സമ്മാനം. അവസാന തീയതി ഈ മാസം 10 ആണ്.

✪✪✪

അന്താരാഷ്ട്ര ആർക്കൈവ്സ് ദിനാഘോഷം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നാളെ രാവിലെ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. റിക്കാർഡ്സ് മാനേജ്മെന്റിലും സംരക്ഷണത്തിലും സംഘടിപ്പിച്ച ഇന്റേൺഷിപ്പ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റും മന്ത്രി വിതരണം ചെയ്യും.

പുരാരേഖകളുടെ പ്രാധാന്യം പൊതുജനങ്ങളിലേക്കെ ത്തിക്കുന്നതിന്റെ ഭാഗമായി ജൂൺ 9 നാണ് അന്താരാഷ്ട്ര ആർക്കൈവ് ദിനം ആചരിക്കുന്നത്. 'എല്ലാവർക്കും പ്രാപ്യമായ ആർക്കൈവുകൾ' എന്നതാണ് ഈ വർഷത്തെ പ്രമേയം.

✪✪✪

ഡബ്ലിനിൽ അയർലൻഡിനെതിരായ ഹോക്കി പരമ്പര ഇന്ത്യ സ്വന്തമാക്കി. രണ്ടു മത്സരങ്ങളും വിജയിച്ചാണ് ഇന്ത്യയുടെ നേട്ടം.

FIH പ്രോ ലീഗിൽ നെതർലാൻഡ്സിനെ നേരിടാൻ ഇരു ടീമുകളും ആംസ്റ്റൽവീനിലേക്ക് പോകും.

✪✪✪

നോർവെ ചെസ് 2025 ൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ അർജ്ജുൻ എരിഗേസി വീണ്ടും വിജയവഴിയിലെത്തി. എട്ടാം റൗണ്ടിൽ അമേരിക്കയുടെ ഗ്രാൻഡ്മാസ്റ്റർ ഫാബിയാനോ കരുവേനയെ അർജ്ജുൻ പരാജയപ്പെടുത്തി.

✪✪✪

കോഴിക്കോട് ജില്ലയിൽ ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനവും, കൃഷി വിജ്ഞാന കേന്ദ്രവും സംയുക്തമായി സംഘടിപ്പിക്കുന്ന വികസിത് കൃഷി സങ്കല്പ് അഭിയാൻ കാമ്പയിൻ പേരാമ്പ്ര ബ്ലോക്കിൽ തുടങ്ങി. ചങ്ങരോത്ത് കമ്യൂണിറ്റി ഹാളിൽ നടക്കുന്ന ബോധവത്കരണ പരിപാടിയിൽ കൂത്താളി, ചങ്ങരോത്ത് പഞ്ചായത്തുകളിലെ കർഷകരുമായി കാർഷിക ശാസ്ത്രജ്ഞരും വിദഗ്ധരും സംവദിച്ചു. ഉച്ചക്ക് ശേഷം പേരാമ്പ്ര, ചക്കിട്ടപ്പാറ മേഖലകളിലും ക്യാംപയിൻ നടക്കും.

✪✪✪

കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിന് കീഴിലെ ലക്ഷദ്വീപ് KVK യെ രാജ്യത്തെ മികച്ച കൃഷി വിജ്ഞാൻ കേന്ദ്രമായി തെരഞ്ഞെടുത്തു. ദേശീയ അംഗീകാരം ലക്ഷദ്വീപിന്റെ കാർഷിക മേഖലയ്ക്ക് കൂടുതൽ പ്രചോദനമാകുമെന്ന് KVK മേധാവി ഡോ. PN ആനന്ദ് പറഞ്ഞു.

✪✪✪

ശബരിമലയിൽ പ്രതിഷ്ഠാദിനത്തോട് അനുബന്ധിച്ച പൂജകൾക്കായി വൈകീട്ട് നട തുറക്കും. നാളെയാണ് പ്രതിഷ്ഠാദിനം. പൂജകൾ പൂർത്തിയാക്കി നാളെ രാത്രി 10 ന് നട അടയ്ക്കും.

✪✪✪

കന്യാകുമാരിയിലെ വിവേകാനന്ദ സ്മാരകം സന്ദർശിക്കുന്ന വിനോദ സഞ്ചാരികളുടെ ബോട്ട് യാത്രാ നിരക്ക് വർദ്ധിപ്പിച്ചു. 75 രൂപയിൽ നിന്ന് നൂറ് രൂപയായാണ് വർദ്ധന. വിദ്യാർത്ഥികളുടെ കൺസഷൻ 30 രൂപയിൽ നിന്ന് 40 രൂപയാക്കി.

✪✪✪

പത്തനംതിട്ട അടൂർ ബൈപ്പാസിൽ കാറും ലോറിയും കൂട്ടിയിടിച്ച് പുലർച്ചെയുണ്ടായ അപകടത്തിൽ പന്തളം സ്വദേശികളായ മൂന്നുപേർക്ക് പരിക്കേറ്റു. ഇവരെ കോട്ടയം മെഡിക്കൽ കോളജിലേക്ക് മാറ്റി. കാറിലുണ്ടായിരുന്ന ഒരാൾ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. കാർ പൂർണമായി തകർന്നു.

✪✪✪

കണ്ണൂർ ശ്രീകണ്ഠപുരം ചെങ്ങളായി - ചുഴലി റോഡിൽ ആഴത്തിൽ കുഴി രൂപപ്പെട്ടതിനെ തുടർന്ന് ഗതാഗതം പൂർണമായി നിരോധിച്ചു. കുഴിയ്ക്ക് ആഴം കൂടി വരുന്നതിൽ ആശങ്കയിലാണ് പ്രദേശ വാസികൾ.

✪✪✪

സംസ്ഥാനത്ത് ഇന്ന് പരക്കെ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി.

✪✪✪

---

*News Editor : അനിൽ ചന്ദ്രൻ*
*News Reader : നിമിഷ ജി*
*NRT'S: അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*